ഉത്തരം

(എ) ഭവനനിർമ്മാണ ബോർഡിൽ നിന്നും 1977 മുതൽ 1996 വരെ വായ്പയെടുത്ത ദുർബ്ബല വരുമാന വിഭാഗത്തിൽപ്പെട്ട 30400-ഓളം വായ്പക്കാരുടെ കുടിശ്ശിക തുക 20-5-2009-ലെ സ.ഉ.(എംഎസ്) നമ്പർ 21/09/ ഭവനം പ്രകാരം പൂർണ്ണമായും എഴുതിത്തള്ളി. കൂടാതെ 22-5-2007-ലെ സ.ഉ.(എംഎസ്) നമ്പർ 18/07/ ഭവനം പ്രകാരം മൈത്രി/താഴ്ന്ന വരുമാനവിഭാഗ വായ്പക്കാരിൽ രോഗികളും, അശരണരുമായ അർഹമായ ഗുണഭോക്താക്കൾക്ക് ചില മാനദണ്ഡങ്ങൾക്ക് വിധേയമായി ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇളവുകൾ നൽകുന്നുണ്ട്. 14-1-2011-ലെ സ.ഉ. (എംഎസ്)03/11/ഭവനം പ്രകാരം ഒ.റ്റി.എസ്. പദ്ധതിയുടെ കാലാവധി 30-6-2011 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ 2011-12-ലെ ബഡ്ജറ്റിൽ മൈത്രി ഭവന വായ്പയുടെ കുടിശ്ശിക പൂർണ്ണമായും എഴുതിത്തള്ളുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഒ.റ്റി.എസ്. പദ്ധതിയിൽ പിഴ പലിശ പൂർണ്ണമായും കുടിശ്ശിക പലിശയിൽ 50% മുതൽ 100% വരെ ഇളവുകൾ അനുവദിക്കുന്നുണ്ട്.

(സി) ഏകദേശം 60,000 പേർ.

ജഗതിയിലെ ഭവന നിർമ്മാണ പദ്ധതി

256(863) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജഗതിയിൽ ഭവനനിർമ്മാണ ബോർഡ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിരുന്ന പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സം എന്തെന്ന് അറിയിക്കുമോ;

(ബി) എന്നത്തേക്ക് ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരത്ത് ജഗതിയിൽ പദ്ധതി നടപ്പിലാക്കാൻ നഗരസഭയുടെ അനുവാദം ലഭിക്കുന്നതിനായി 7-3-2008-ൽ തിരുവനന്തപുരം നഗര സഭയിൽ ബോർഡ് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത സ്ഥലം അംഗീകൃത മാസ്റ്റർ പ്ലാനിന്റെ Green Strip Zone-ൽപ്പെടുന്നതാകയാൽ അപേക്ഷ നിരസിച്ചതായി 29-1-2009-ൽ തിരുവനന്തപുരം നഗരസഭ അറിയിച്ചിരുന്നു. ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. Land Use Pattern മാറുന്ന മുറയ്ക്ക് BST രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

14-2-2011-ലെ നക്ഷത്രചിഹ്നമിടാത്ത 820, 825, 827, 829, 830, 839, 844, 846, 849, 850, 852, 853, 858, 865, 871, 874, 876, 892 എന്നീ ചോദ്യോത്തരങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly